# പതിനാലാം കേരളനിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1002 28.04.2017- ൽ മറുപടിക്ക്

### വില്ലേജ്-താലൂക്ക് ഓഫീസുകൾ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **ശ്രീ.പി.കെ. ശശി** | | **ശ്രീ. ഇ. ചന്ദ്രശേഖരൻ** (റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) | പൊതുജനങ്ങൾക്ക് അവശ്യം വേണ്ടുന്ന ഏതെല്ലാം സർട്ടിഫിക്കറ്റുകളാണ് വില്ലേജ് ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ എന്നിവ വഴി നൽകുന്നത് എന്നും അപേക്ഷകർ അപേക്ഷ നൽകിയാൽ എത്ര ദിവസത്തിനകം ആയത് നൽകിവരുന്നു എന്നും ആയതിനു വേണ്ടിയുള്ള സർക്കാർ നിർദ്ദേശങ്ങൾ എന്തെല്ലാം എന്നും വ്യക്തമാക്കുമോ; | (എ) | പൊതു ജനങ്ങൾക്ക് അവശ്യം വേണ്ടുന്ന 23 ഇനം സർട്ടിഫിക്കറ്റുകളാണ് വില്ലേജ് ഓഫീസുകൾ, താലൂക്ക് ഓഫീസുകൾ എന്നിവ വഴി നൽകുന്നത്. പ്രസ്തുത സർട്ടിഫിക്കറ്റുകളുടെ വിവരവും ടി സർട്ടിഫിക്കറ്റുകളെ 2012 ലെ സേവനാവകാശ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി ഓരോ സർട്ടിഫിക്കറ്റും നൽകുന്നതിനുള്ള സമയപരിധിയും നിശ്ചയിച്ചു കൊണ്ടുള്ള സർക്കാർ നിർദ്ദേശം ലാൻഡ് റവന്യൂ കമ്മീഷണറുടെ 23.01.2013 ലെ എൽ.ആർ.എച്ച്3-49142/2011 പ്രകാരം വിജ്ഞാപനം ചെയ്തിട്ടുണ്ട്. പ്രസ്തുത വിജ്ഞാപനത്തിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത സർട്ടിഫിക്കറ്റുകൾ നൽകുന്നതിലെ കാലതാമസം, കൈക്കൂലി എന്നിവ ഇല്ലാതാക്കാനും ഇവ ആവശ്യക്കാർക്ക് യഥാസമയം നല്കുന്നതിനും എന്തുനടപടികൾ ഈ സർക്കാർ സ്വീകരിച്ചുവരുന്നു എന്നും ഇതിൽ ക്രമവിരുദ്ധ പ്രവർത്തനം നടത്തിയതായി കഴിഞ്ഞ ഒരു വർഷമായി കണ്ടെത്തിയ ഉദ്യോഗസ്ഥർ എത്രപേർ എന്നും വ്യക്തമാക്കുമോ; | (ബി) | സർട്ടിഫിക്കറ്റുകൾ നൽകുന്നതിലെ കാലതാമസം, കൈക്കൂലി എന്നിവ ഇല്ലാതാക്കുന്നതിനും ഇവ അപേക്ഷകർക്ക് യഥാസമയം ലഭ്യമാക്കുന്നതിനുമായി ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഏതു സ്ഥലത്തു നിന്നും സർട്ടിഫിക്കറ്റുകൾക്കായി അപേക്ഷ സമർപ്പിക്കുവാനും അവ കൈപ്പറ്റുന്നതിനുമായി ഓൺലൈൻ സംവിധാനമാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കിയിട്ടുള്ളത്. ഈ വിഷയത്തിൽ ഏതെങ്കിലും ഉദ്യോഗസ്ഥർ ക്രമവിരുദ്ധ പ്രവർത്തനം നടത്തിയതായി കണ്ടെത്തിയിട്ടില്ല. |
| (സി) | സംസ്ഥാനത്ത് വിദ്യാർത്ഥികൾക്ക് ആവശ്യമുള്ള സർട്ടിഫിക്കറ്റുകളായ ജാതിസർട്ടിഫിക്കറ്റ്, ക്രീമിലേയർ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ അവർക്ക് യഥാസമയം ലഭിക്കാത്തതും പ്രസ്തുത സർട്ടിഫിക്കറ്റുകൾ നല്കാൻ കൈക്കൂലി നൽകിയില്ലെങ്കിൽ താമസം വരുത്തുക, നല്കാതിരിക്കുക എന്നീ പ്രവൃത്തികൾ ഉദ്യോഗസ്ഥ തലത്തിലുണ്ടാകുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | എങ്കിൽ ഇത് തടയുവാനും സമയബന്ധിതമായി ഒരു സർട്ടിഫിക്കറ്റ് നല്കുമ്പോൾ ആയത് നിശ്ചിത കാലയളവ് കഴിയുമ്പോൾ ദീർഘിപ്പിച്ച് സമയബന്ധിതമായി നല്കുവാനും, ലഭിക്കുന്ന സർട്ടിഫിക്കറ്റ് നിശ്ചിത കാലയളവിലെ എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കുവാനുമുള്ള അനുമതിയും നൽകുന്ന കാര്യങ്ങൾ പരിഗണിക്കുമോ? | (ഡി) | പ്രത്യേകാവശ്യത്തിനായി നൽകുന്ന സർട്ടിഫിക്കറ്റുകൾ ഒഴികെയുള്ളവയെല്ലാം അവയ്ക്ക് നിശ്ചയിച്ചിട്ടുള്ള സാധുതാ കാലയളവിനുള്ളിൽ എല്ലാ ആവശ്യങ്ങൾക്കും ഉപയോഗിക്കാവുന്നതാണ്. |

സെക്ഷൻഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്